പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2390 12.6.2018 ലെ മറുപടിക്ക്

## കയറുൽപ്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| എ) 2011 മുതൽ നാളിതുവരെ എത്രമാത്രം കയറുൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തിയിട്ടുണ്ട് എന്നതിന്റെ ജില്ലതിരിച്ചും വർഷം തിരിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | എ) കയർഫെഡ് കയറും കേരള സംസ്ഥാന കയർ കോർപ്പറേഷൻ കയർ ഉൽപ്പനങ്ങളുമാണ് പൊതുവിൽ സംഭരിക്കുന്നത്. എന്നാൽ കയർഫെഡും അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്ന് കയർ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നുണ്ട്. കയർഫെഡ് പ്രധാനമായും കയർ സംഭരണവും വിപണനവുമാണ് നടത്തുന്നത്. 2010-11 മുതൽ 2016-17 വരെയുള്ള കയർ സംഭരണ-വിപണനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | സംഭരണം (ക്വിന്റലിൽ) | വില (ലക്ഷത്തിൽ) | വിപണനം (ക്വിന്റലിൽ) | വില (ലക്ഷത്തിൽ) |
|---|---|---|---|---|
| 2010-11 | 52409.00 | 1991.00 | 38698.50 | 1530.35 |
| 2011-12 | 55662.49 | 2563.23 | 44534.70 | 2009.69 |
| 2012-13 | 69994.93 | 2561.13 | 73786.14 | 3003.95 |
| 2013-14 | 71474.10 | 3164.62 | 69966.24 | 3058.25 |
| 2014-15 | 65379.38 | 3422.50 | 61725.02 | 3275.45 |
| 2015-16 | 78820.43 | 4177.5 | 70295.83 | 3570.98 |
| 2016-17 | 99793.85 | 5009.34 | 93176.25 | 4889.96 |
| 2017-18 | 125066.70 | 6618.54 | 149319.30 | 7897.32 |

കയർഫെഡ് കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത് ആലപ്പുഴയിലാണ്. കയർഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഭൂരിപക്ഷം സംഘങ്ങളും പ്രാഥമിക കയർ പിരി സംഘങ്ങളാണ്. എന്നാൽ അഫലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ചുരുക്കം മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാത്രമാണ് കയർഫെഡ് സംഭരിക്കുന്നത്. ആയത് ചുവടെ ചേർക്കുന്നു.

| വർഷം | സംഭരണം വില (ലക്ഷത്തിൽ) | വിപണനം വില (ലക്ഷത്തിൽ) |
|---|---|---|
| 2010-11 | 118.97 | 382.8 |
| 2011-12 | 329.73 | 367.84 |
| 2012-13 | 316.84 | 540.26 |

| | | |
|---|---|---|
| 2013-14 | 345.41 | 755.01 |
| 2014-15 | 331.32 | 462.42 |
| 2015-16 | 317.62 | 434.4 |
| 2016-17 | 261.88 | 882.93 |

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആലപ്പുഴ ജില്ലയിൽ നിന്നാണ് കയർ ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നത്. ഇത് കേരളത്തിലുടനീളം ഷോറൂമുകൾ വഴിയും, ഓണം വിപണനമേളകൾ വഴിയും, പല എക്സിബിഷനുകൾ വഴിയും വിറ്റഴിച്ചിട്ടുണ്ട്. കേരളത്തിന് വെളിയിൽ പലയിടങ്ങളിലായി നാളിതുവരെ ഡൽഹി, അഹമ്മദാബാദ്, ചെന്നൈ, ഗ്വാഹത്തി, ലക്നൗ, കോയമ്പത്തൂർ, കൽക്കട്ട എന്നീ സ്ഥലങ്ങളിൽ കയർ ഉൽപ്പന്നങ്ങൾ വിപണനം നടത്തിയിട്ടുണ്ട്. ആഭ്യന്തര മാർക്കറ്റിന്റെ വിപുലമായ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് കയർ കോർപ്പറേഷൻ 2016-17 മുതൽ ശ്രമിച്ചുവരികയാണ്. 2017-18 ഓണക്കാലത്ത് സംഘടിപ്പിച്ച 'കയർ കാർണിവൽ' ഈ രംഗത്തെ ഒരു ചുവട് വയ്പ്പാണ്. 4.8 കോടി രൂപയുടെ ആഭ്യന്തര വിൽപ്പന നടത്തുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

2011 മുതൽ നാളിതുവരെ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ശേഖരിച്ച് വിപണനം നടത്തിയ കയർ ഉൽപ്പന്നങ്ങളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

തുക കോടിയിൽ

| വർഷം | സംഭരണം | വിൽപ്പന |
|---|---|---|
| 2011-12 | 58.00 | 56.38 |
| 2012-13 | 71.00 | 68.19 |
| 2013-14 | 92.00 | 96.86 |
| 2014-15 | 104.9 | 101.00 |
| 2015-16 | 104.32 | 101.66 |
| 2016-17 | 115.52 | 105.00 |
| 2017-18 | 125.18 | 114.00 |

സെക്ഷൻ ഓഫീസർ